സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

37 (82) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് രൂപീകരിച്ച 'സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ' പ്രവർത്തനം തുടങ്ങാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ ട്രിബ്യൂണലിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത ട്രിബ്യൂണലിന്റെ പ്രവർത്തനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ട്രിബ്യൂണലിന് എത്ര ഓഫീസുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 25-8-2010-ലെ ജി.എസ്.ആർ.705.ഇ. നമ്പർ കേന്ദ്ര സർക്കാർ വിജ്ഞാപനപ്രകാരം 26-8-2010 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സംസ്ഥാനത്ത് നിലവിൽ വന്നു. ട്രിബ്യൂണലിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിക്കുന്നതിനായി വഞ്ചിയൂരുള്ള പഴയ കളക്ടറേറ്റ് മന്ദിരം ട്രിബ്യൂണലിന്റെ പ്രവർത്തനത്തിന് വേണ്ടി അനുവദിച്ച് നല്കിയിട്ടുണ്ട്. ഇതിന്റെ പുനരുദ്ധാരണത്തിനായി 125.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി പൊതുമരാമത്ത് വകുപ്പ് 3-12-2010-ൽ പുറപ്പെടുവിച്ചു. ചെയർമാൻ 3-9-2010-ൽ ചാർജ്ജെടുത്തിനുശേഷം, മൂന്ന് അഡ്മിനിസ്ട്രേറ്റീവ് മെമ്പർമാരുടേയും 2 ജുഡീഷ്യൽ മെമ്പർമാരുടെയും സെലക്ഷൻ നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ട്രിബ്യൂണലിലേക്ക് ആവശ്യമുള്ള മറ്റിതര ജീവനക്കാരേയും നിയമിക്കേണ്ടതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ട്രിബ്യൂണലിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ട്രിബ്യൂണലിനുള്ള പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ മുതലായവ ത്വരിതപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് തിരുവനന്തപുരത്ത് രണ്ട് ബഞ്ചുകളും എറണാകുളത്ത് ഒരു ബഞ്ചും രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഫയൽ തീർപ്പാക്കാൻ നടപടി

38 (83) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണ, ധനകാര്യ സെക്രട്ടേറിയറ്റിൽ എത്ര ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നു എന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഓരോ ഫയലിനും എത്ര വർഷം കാലപ്പഴക്കം ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി). വിവരം ശേഖരിച്ചു വരുന്നു.

സമാശ്വാസ തൊഴിൽദാന പദ്ധതിയിലെ ഭേദഗതികൾ

39 (85) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ ഭേദഗതികളാണ് വരുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ക്ളാസ് 3, ക്ളാസ് 4 വിഭാഗങ്ങളിൽ മാത്രമായി പ്രസ്തുത പദ്ധതി പ്രകാരമുള്ള നിയമനങ്ങൾ നിജപ്പെടുത്തിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവാഹിതരായ മക്കൾക്ക് ആശ്രിത നിയമനം നൽകുന്നതിനും ആശ്രിത നിയമനത്തിന് അർഹമായ വാർഷിക കുടുംബ വരുമാന പരിധി 4 1/2 ലക്ഷം രൂപയാക്കുന്നതിനുമായി 12-4-2010-ൽ സ.ഉ.(പി) 14/10/ഉ.ഭ.വ. പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി.

(ബി) ബഹു: ഹൈക്കോടതിയുടെ 10287/95 നം.ഒ.പി.യിൽ 26-7-1995-ലെ വിധിയുടെ അടിസ്ഥാനത്തിലാണ് ആശ്രിത നിയമനം സർക്കാർ സർവ്വീസിലെ ക്ലാസ് III, IV തസ്തികകളിലേക്കായി നിജപ്പെടുത്തിയിരിക്കുന്നത്.

സ്മാർട്ട്സിറ്റി പദ്ധതി

40 (86) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട്സിറ്റി പദ്ധതി ഏത് കാലയളവിലാണ് വിഭാവനം ചെയ്തതെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ടീകോം വഴി യാഥാർത്ഥ്യമാക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly